"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ ഡയറക്ടർ ബോർഡിൽ കൃഷി വകുപ്പിന്റെ പ്രതിനിധിയെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.79/2022/AGRI തീയതി,തിരുവനന്തപുരം, 03-02-2022

---

പരാമർശം - 16.08.2021 ലെ സ.ഉ.(സാധാ) നം. 653/2021/കൃഷി

**ഉത്തരവ്**

കൃഷി വകുപ്പ് അണ്ടർ സെക്രട്ടറി ആയിരുന്ന ശ്രീമതി മേഴ്സി ഗബ്രിയേലിനെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ ഡയറക്ടർ ബോർഡിൽ സർക്കാർ പ്രതിനിധിയായി പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു.

എന്നാൽ ടിയാളെ ആലപ്പുഴ ഇന്റർനാഷണൽ റിസർച്ച് & ട്രെയിനിംഗ് സെന്ററിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ഡയറക്ടർ ബോർഡിൽ കൃഷി വകുപ്പിന്റെ പ്രതിനിധിയായി ടിയാൾക്ക് പകരം കൃഷി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി. കെ.ജെ.ശാലിനിയെ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബോബി ആന്റണി
അഡിഷണൽ സെക്രട്ടറി

പകർപ്പ് - ശ്രീമതി ശാലിനി കെ.ജെ., ഡെപ്യൂട്ടി സെക്രട്ടറി. കൃഷി വകുപ്പ്
മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ഡയറക്ടർ ബോർഡിലെ എല്ലാ അംഗങ്ങൾക്കും (മാനേജിംഗ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ്) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കാർഷികോത്പാദന കമ്മീഷണറുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-03-2022

ഫയൽ നം. AGRI-PU1/153/2018-AGRI.  ഇനം നം: 628

വിഷയം : കൃഷി വകുപ്പ് - ഹോർട്ടികോർപ്പിൽ മാനേജിംഗ് ഡയറക്ടറായ ശ്രീ.ജെ.സജീവിന്റെ സേവന കാലാവധി 09.10.2021-ന് അവസാനിച്ച സാഹചര്യത്തിൽ പുനർനിയമന വ്യവസ്ഥയിൽ ടിയാന്റെ സേവനകാലാവധി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതും 10.10.2021 മുതൽ ഉത്തരവ് തീയതി വരെയുള്ള ശ്രീ. ജെ. സജീവിന്റെ ഹോർട്ടികോർപ്പിലെ സേവനകാലാവധി ക്രമീകരിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

24/3
AS II

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. AGRI -PU1/153/2018-AGRI |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | ഹോർട്ടികോർപ്പിൽ മാനേജിംഗ് ഡയറക്ടറായ ശ്രീ. ജെ.സജീവിന്റെ സേവന കാലാവധി 09.10.2021 ന് അവസാനിച്ച സാഹചര്യത്തിൽ പുനഃർനിയമന വ്യവസ്ഥയിൽ ടിയാന്റെ സേവനകാലാവധി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതും 10.10.2021 മുതൽ ഉത്തരവ് തീയതി വരെയുള്ള ശ്രീ.ജെ.സജീവിന്റെ ഹോർട്ടി കോർപ്പിലെ സേവനകാലാവധി ക്രമീകരിച്ച് നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11-03-2022 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബോബി ആന്റണി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ഇഷിതാ റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 19-03-2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21-03-2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21-03-2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22-03-2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

നിലവിൽ ഹോർട്ടികോർപ്പിൽ മാനേജിംഗ് ഡയറക്ടറായ ശ്രീ.ജെ.സജീവിന്റെ സേവന കാലാവധി 09.10.2021 ന് അവസാനിച്ച സാഹചര്യത്തിൽ 10.10.2021 മുതൽ ഉത്തരവ് തീയതി വരെയുള്ള ഹോർട്ടികോർപ്പിലെ മാനേജിംഗ് ഡയറക്ടറായുള്ള സേവനം പുനഃർനിയമന വ്യവസ്ഥയിൽ ക്രമീകരിച്ചു നല്കുന്നതും ടിയാന്റെ സേവനകാലാവധി ഉത്തരവു തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ചു നൽകുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കൃഷി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ.ജെ.സജീവിനെ ഹോർട്ടി കോർപ്പ് മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡിൽ അംഗമായും 07.03.2019 ലെ സ.ഉ.(സാധാ) നം.244/2019/കൃഷി പ്രകാരം ടിയാൻ വിരമിക്കുന്ന തീയതിയായ 31.07.2019 വരെയുള്ള കാലയളവ് അന്യത്ര സേവന വ്യവസ്ഥയിലും വിരമിക്കലിനു ശേഷമുള്ള കാലയളവ് പുനഃർനിയമന വ്യവസ്ഥയിലും നിശ്ചയിച്ചു കൊണ്ട് ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവാകുകയും 03.6.2019 ന് ടിയാൻ ചുമതല ഏറ്റെടുക്കുകയും ചെയ്തിരുന്നു. ടിയാനെ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡിൽ അംഗമായും നിയമിച്ച നടപടി മന്ത്രിസഭയുടെ അംഗീകാരം നേടിയ ശേഷം 14.08.2019 ലെ സ.ഉ. (കൈ) നം.103/2019/കൃഷി ഉത്തരവ് പ്രകാരം സാധൂകരിക്കുകയും ചെയ്തിരുന്നു.

3) തുടർന്ന് പ്രസ്തുത കാലാവധി 02.06.2020-ന് അവസാനിച്ച സാഹചര്യത്തിൽ 03.06.2020 മുതൽ ഉത്തരവ് തീയതി വരെയുള്ള ടിയാന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലെ സേവനം ക്രമീകരിച്ചുകൊണ്ടും ടിയാന്റെ സേവനകാലാവധി പുനഃർനിയമന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് 09.10.20 ലെ സ.ഉ (കൈ) നം.78/20/കൃഷി പ്രകാരം ഉത്തരവായിരുന്നു.

4) ശ്രീ. ജെ.സജീവിന്റെ നിലവിലെ സേവന കാലാവധി 09-10-2021 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

> *"ശ്രീ. ജെ.സജീവിന്റെ നിലവിലെ സേവന കാലാവധി 09.10.2021 ൽ അവസാനിക്കുന്ന സാഹചര്യത്തിലും പ്രസ്തുത വിഷയം പുനഃർനിയമനമായതിനാലും ആയത് KPESB-യുടെ പരിധിയിൽ വരാത്ത സാഹചര്യത്തിലും ധനകാര്യ വകുപ്പിന്റെ അംഗീകാരം, വിജിലൻസ് ക്ലിയറൻസ് എന്നിവയോടെ മന്ത്രിസഭായോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി ഭരണവകുപ്പിന് തീരുമാനം കൈക്കൊള്ളാവുന്നതാണ്. "*

5) ശ്രീ. ജെ. സജീവിനെതിരെ വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ലെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ നിർദ്ദേശ പ്രകാരം തനിക്കെതിരെ വിജിലൻസ്

കേസോ, വിജിലൻസ് അന്വേഷണങ്ങളോ, ക്രിമിനൽ കേസ്സുകളോ നിലവിലില്ല എന്ന് ശ്രീ. ജെ. സജീവ് സത്യപ്രസ്താവന സമർപ്പിച്ചിട്ടുമുണ്ട്.

6) ശ്രീ. സജീവിന്റെ സേവന കാലാവധി ദീർഘിപ്പിക്കുന്ന വിഷയത്തിൽ വിജിലൻസ് / ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളുടെ അഭിപ്രായവും ശ്രീ. സജീവിന്റെ സത്യവാങ്മൂലവും സഹിതം ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു;

*"ഹോർട്ടികോർപ്പിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജെ.സജീവിന്റെ പുനഃർനിയമന കാലാവധി 09.10.2021 മുതൽ ഒരു വർഷത്തേക്ക്, ബഹു. മന്ത്രിസഭയുടെ അനുമതിക്ക് വിധേയമായി ദീർഘിപ്പിച്ചു നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.*
*ഇതിന് ബഹു. ധന മന്ത്രിയുടെ അംഗീകാരമുണ്ട്."*

7) ചുവടെ പറയുന്ന കാര്യങ്ങളിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്കു സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

എ) ഹോർട്ടികോർപ്പിൽ നിലവിൽ മാനേജിംഗ് ഡയറക്ടർ ആയി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ജെ.സജീവിന് പുനഃർനിയമനം ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ടിയാൻ ഹോർട്ടികോർപ്പിന്റെ ഭരണപരവും, ധനപരവുമായ ദൈനംദിന കാര്യങ്ങൾ നിർവ്വഹിച്ചിട്ടു ള്ളതിനാൽ ടിയാന്റെ സേവനം 10.10.2021 മുതൽ നിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്ന തീയതി വരെ ക്രമീകരിച്ച് നൽകാമോ;

ബി) ശ്രീ. ജെ.സജീവിനു ലഭിച്ച വിജിലൻസ് ക്ലിയറൻസും ടിയാന്റെ പേരിൽ ക്രിമിനൽ കേസോ, അച്ചടക്കനടപടിയോ നിലവിൽ ഇല്ലായെന്ന ടിയാന്റെ സത്യപ്രസ്താവനയും കണക്കിലെടുത്തും, ധനകാര്യ / ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളുടെ അഭിപ്രായ ത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. ജെ. സജീവിനെ ഹോർട്ടികോർപ്പ് ഡയറക്ടർ ബോർഡിൽ അംഗമായും മാനേജിംഗ് ഡയറക്ടറായുള്ള ടിയാന്റെ സേവന കാലാവധി പുനഃർനിയമന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകാമോ.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

(i) ഹോർട്ടികോർപ്പിൽ നിലവിൽ മാനേജിംഗ് ഡയറക്ടർ ആയി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ജെ.സജീവിനെ, ധനകാര്യ / ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ടിയാനു ലഭിച്ച വിജിലൻസ് ക്ലിയറൻസും തന്റെ പേരിൽ ക്രിമിനൽ കേസോ, അച്ചടക്ക നടപടിയോ നിലവിൽ ഇല്ലായെന്ന ടിയാന്റെ സത്യപ്രസ്താവനയും കണക്കിലെടുത്തും, ഹോർട്ടികോർപ്പ് ഡയറക്ടർ ബോർഡിൽ അംഗമായും

മാനേജിംഗ് ഡയറക്ടറായും പുനഃർനിയമന വ്യവസ്ഥയിൽ ടിയാന്റെ സേവന കാലാവധി കെ.എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകാമോ;

(ii) ഹോർട്ടികോർപ്പിൽ നിലവിൽ മാനേജിംഗ് ഡയറക്ടറും ഡയറക്ടർ ബോർഡ് അംഗവുമായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ജെ. സജീവ് തനിക്ക് പുനഃർനിയമനം ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ഹോർട്ടികോർപ്പിന്റെ ഭരണപരവും ധനപരവുമായ ദൈനംദിന കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളതിനാൽ ടിയാന്റെ സേവനം 10.10.2021 മുതൽ നിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്ന തീയതി വരെ ക്രമീകരിച്ച് നൽകാമോ .